
ജിബിഎച്ച്എസ്
മലപ്പുറം

# ജി ബി എച്ച് എസ് എസ്

# മലപ്പുറം



1882 ൽ ആംഗ്ലോവെർണാക്കുലർ വിദ്യാലയമെന്ന പേരിൽ ആരംഭം. പിന്നീടത് ഗവർമെന്റ് ഹൈസ്കൂൾ ഫോർ മാപ്പിളാസ് എന്നാക്കി അപ്ഗ്രേഡ് ചെയ്യപ്പെട്ടു. 1939 ൽ ഗവർമെന്റ് സെക്കണ്ടറി ട്രൈനിംഗ് സ്കൂൾ എന്ന് പേര് മാറ്റി. ഹൈസ്കൂളിനോട് ചേർന്നുണ്ടായിരുന്ന എൽ.പി വിഭാഗം വേർപ്പെടുത്തി പ്രത്യേ കം സ്കൂളാക്കി മാറ്റിയത് ഇതേ തുടർന്നാണ്. താമസിയാതെ ട്രെയിനി ംഗ് സ്കൂളും വേറെയാക്കി. 1993 ൽ ഹൈസ്കൂൾ വിഭാഗം തന്നെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി പകുത്തതോടെയാണ് ഗവർമെന്റ് ബോയ്സ് ഹൈസ്കൂളിന്റെ പിറവി. 2004 ൽ അത് ഹയർസെക്കണ്ടറി സ്കൂളാക്കി അപ്ഗ്രേഡ് ചെയ്യപ്പെട്ടു.

പഴയ ഗവർമെന്റ് ഹൈസ്കൂൾ ഫോർമാപ്പിളാസ് നാലായി പിരിഞ്ഞ് (ഗവർമെന്റ് ബോയ്സ് ഹയർസെക്കണ്ടറി ഹൈസ്കൂൾ, ഗവർമെന്റ് ഗേൾസ് ഹയർസെക്കണ്ടറി ഹൈസ്കൂൾ, ഗവർമെന്റ് ടി.ടി.ഐ, ജി. എൽ.പി. സ്കൂൾ) വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിന്റെ ചുറ്റുവട്ടത്ത് തന്നെ വിദ്യയുടെ വെളിച്ചം പരത്തുന്നുസി. ഒ. ടി. കുഞ്ഞിപ്പക്കി സാഹിബായിരുന്നു മലപ്പുറം ഹൈസ്കൂളിന്റെ പ്രഥമ പ്രധാനാദ്ധ്യാപകൻ എന്നാണു ചരിത്രരേഖ. മദ്രാസ് സർക്കാറിന്റെ ചട്ടങ്ങളനുസരിച്ചായിരുന്നു സ്കൂൾ നടത്തിപ്പ്. അന്യദേശക്കാരായ ഒരുപാട് വിദ്യാർത്ഥികൾ ഇവിടെ പഠനം നടത്തിയിരുന്നു.സ്കൂളിലെ ആദ്യ കാല അധ്യാപകരിൽ നല്ലൊരു പങ്ക് സംസ്ഥാനത്തിന്റെ പുറത്ത് നിന്നുള്ളവരായിരുന്നു.

| | |
|---|---|
| റവന്യൂ ജില്ല | മലപ്പുറം |
| വിദ്യാഭ്യാസ ജില്ല | മലപ്പുറം |
| ഉപജില്ല | മലപ്പുറം |
| പ്രധാനാദ്ധ്യാപകൻ | മുഹമ്മദ് അഷ്‌റഫ് ടി |
| പിടിഎ പ്രസിഡൻറ് | മുഹമ്മദ് ബഷീർ |
| എം പി ടി എ പ്രസിഡൻറ് | ജാസ്മിൻ കമർ |



# ആശംസ

അതിദ്രുവം വളർന്നു കൊണ്ടിരിക്കുന്ന പുതിയ ലോകത്ത് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻറെ ഭാഗമായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ ഫലമായി ഐ സി ടി അധിഷ്ഠിത പഠനം യാഥാർത്ഥ്യമായിരിക്കുകയാണ്. ഈ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്തുക എന്ന ലക്ഷ്യം മുൻ നിർത്തി വിപുലമായ പ്രവർത്തന പദ്ധതികളോടെ ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബുകൾ പ്രവർത്ത നമാരംഭിച്ചിരിക്കുന്നു. അതിൻറെ ഭാഗമായി മലപ്പുറം ഗവ: ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ ലിറ്റിൽകൈറ്റ് പ്രവർത്തനം വളരെ സജീവമാണ്. ദൃതി എന്ന പേരിൽ ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു

ഹെഡ്മാസ്റ്റർ

# നാളെയുടെ കരങ്ങളെ സുരക്ഷിതമാക്കാം

"ഒന്നാം ക്ലാസ് വിദ്യാർത്ഥി മൊബൈൽ ഫോൺ നൽകാത്തതിൽ ബാത്റൂമിൽ ആത്മഹത്യ ചെയ്തു". വാർത്ത വായിച്ചപ്പോൾ മനസ്സൊന്ന് നടുങ്ങി . ആറു വയസ്സുള്ള ഒരു വിദ്യാർത്ഥി ആത്മഹത്യക്ക് മുതിരുക എന്നുള്ളത് ആശങ്ക ഉളവാക്കുന്നതാണ്. ആരായിരിക്കും അവനെ അത് പഠിപ്പിച്ചിട്ടുണ്ടാവുക?. പുതിയ തലമുറ ഇങ്ങനെയെങ്കിൽ ഈ ലോകത്തിന്റെ ഭാവി ചിന്തിക്കാവുന്നതെയുള്ളൂ . ആത്മഹത്യ ഒരു സാധാരണ സംഭവമായി മാറിയിരിക്കുന്നു. രണ്ടായിരത്തിലധികം വിദ്യാർഥികൾ ഉൾപ്പെടെ കഴിഞ്ഞ വർഷം മാത്രം പതിനായിരത്തിലേറെ ജീവനുകൾ ആത്മഹത്യയിൽ പൊലിഞ്ഞു.

വിക്ടർ ഹ്യൂഗോ പറയുന്നു :"the person who opens a school door, closes a prison". എന്നാൽ ഈ നവയുഗത്ത് ഈ വാക്കുകൾ തിരുത്തേണ്ടിയിരിക്കുന്നു. ഒരു സ്കൂൾ തുറന്നാൽ ഒരു ജയിൽ അടക്കും എന്നതിന് പകരം ഒരു ജയിൽ തുറക്കുമെന്ന് പറയേണ്ട സ്ഥിതിയിലേക്കാണ് കാര്യങ്ങളുടെ പോക്ക്. വിദ്യാർത്ഥി തലമുറയെ ഇനിയും കടിഞ്ഞാണിട്ടില്ലെങ്കിൽ ഇരുണ്ട ഭാവിയായിരിക്കും ഫലം. പ്രശ്നങ്ങൾ എന്തൊക്കെയാണ്?......ചർച്ചചെയ്യേണ്ടതുണ്ട്

മാതാപിതാക്കൾ മക്കളുമായി സംസാരിക്കുന്നില്ല. അവരെ അന്ധമായി വിശ്വസിക്കുന്നു. സ്വന്തം മക്കളെ വിശ്വസിക്കണം അല്ലെങ്കിൽ അത് അവരെ മാനസികമായി തളർത്തും. അമിതമായാൽ അമൃതവും വിഷമാണല്ലോ. അതുപോലെതന്നെയാണ് എല്ലാം. മാതാപിതാക്കൾ ശ്രദ്ധിക്കുന്നുണ്ട് എന്ന് അവർക്ക് തോന്നണം. അത് തെറ്റിൽ നിന്ന് വിട്ട് നിൽക്കാനുള്ള പ്രധാനപ്പെട്ട കാരണമാണ്. ഇപ്പോഴത്തെ വിദ്യാർത്ഥികളിൽ ആ തോന്നൽ ഇല്ല എന്നതാണ് തെറ്റ് ചെയ്യാനുള്ള വലിയ പ്രചോദനം. മക്കൾ വളരുമ്പോൾ തന്നെ മാതാപിതാക്കളെക്കുറിച്ച്, ഗുരുക്കന്മാരെക്കുറിച്ച്, അവരോട് എങ്ങനെ പെരുമാറണം എന്നതിനെ കുറിച്ചും ബോധവത്കരിക്കണം. മറിച്ചായാൽ സ്വന്തം മാതാവിനെ പോലും കൊല ചെയ്യാൻ അറപ്പില്ലാത്ത വ്യക്തിത്വമായി മാറും. പ്രിൻസിപ്പാളിന്റെയും മറ്റു അധ്യാപകരുടെയും മുമ്പിൽ വെച്ച് ഒരു ഹയർസെക്കന്ററി വിദ്യാർത്ഥി സ്വന്തം അദ്ധ്യാപകന്റെ കൈ തല്ലി ഒടിച്ചത് നാം വാർത്തകളിൽ കണ്ടതാണ്. കേവലം ഇത് ഒരു ഒറ്റപ്പെട്ട സംഭവമല്ല. അതുകൊണ്ട് വളർത്തുമ്പോഴെ ശ്രദ്ധിക്കുക, അത്യന്താപേക്ഷികമാണ്. അധ്യാപകരെയും മാതാപിതാക്കളെയും ബഹുമാനിക്കണം എന്നറിയാത്തവരല്ല ഇത്തരം ചെയ്തികളിൽ പെട്ട് പോകുന്നത്.പിന്നെ എന്തായിരിക്കും?? . സോഷ്യൽ മീഡിയകളിൽ മുതിർന്നവരെ ബഹുമാനിക്കാതെ അവരോട് കയർക്കുന്ന വീഡിയോകളാണ് ഇപ്പോഴത്തെ ട്രെൻഡ്. thuglife എന്നൊക്കെ പറഞ്ഞ് അതിനെ റോൾമോഡൽ ആക്കുമ്പോൾ ബഹുമാനം എന്നുള്ള നാലക്ഷരം അവർ മറക്കുന്നു.

അതായത്, സോഷ്യൽമീഡിയയാണ് അടുത്ത വില്ലൻ.എന്നാൽ ചില മാതാപിതാക്കളെങ്കിലും പറയാറുണ്ട് "ഒരിക്കലും മൊബൈൽ കുട്ടികൾക്ക് സ്മാർട്ട് ഫോൺ നൽകരുത്". അത് കുട്ടികളുടെ ബുദ്ധി തകരാറിലാക്കും. ഇത് ശുദ്ധ മണ്ടത്തരമാണ്. കാരണം വരുന്ന തലമുറയിൽ ഇത്തരം കാര്യങ്ങൾ അറിയാതെ ജീവിക്കുക കഠിനമായിരിക്കും. ഇപ്പോൾ തന്നെ IT പ്രൊഫഷനുകൾക്കാണ് മുൻഗണന. എങ്കിലും സ്മാർട്ട് ഫോൺ ഉപയോഗം രക്ഷിതാക്കളുടെ പരിധിയിലായിരിക്കണം.കുട്ടികളിലേക്ക് ഒരു കണ്ണ് വേണം. കാരണം മോബൈൽ ഫോൺ ഉണ്ടാക്കുന്ന ദൂഷ്യഫലവും വളരെ വലുതാണ്. മൊബൈൽഫോണിലെ പല ട്രാപ്പുകളിലും പെട്ട് സമ്പത്തും അഭിമാനവും നഷ്ടമാകുമ്പോൾ ആത്മഹത്യയിലേക്കു എത്തുന്നു. കളിക്കുന്ന ഗെയിമുകൾ അവരെ കൊലയാളിയാക്കുന്നു. ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിലെ കഥയാണ് ഇത്. സോഷ്യൽമീഡിയ പ്ലാറ്റ് ഫോം വിദ്യാർത്ഥികളെ ഫോൺ അഡിക്ഷനിലേക്കും പഠന താഴ്ച്ചയിലേക്കും നയിക്കുന്നുണ്ട്. 30% കുട്ടികൾ ഫോൺ അഡിക്ഷൻ സംഭവിച്ചവരാണ് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കുട്ടികളുടെ ശ്രദ്ധ തിരിക്കുന്നതിന്റെ പ്രധാന കാരണവും സോഷ്യൽമീഡിയ തന്നെയാണ്. ആദ്യം സൂചിപ്പിച്ചത് പോലെ കണ്ണടച്ചു വിശ്വസിക്കാതിരിക്കുക. അല്ലെങ്കിൽ പിന്നീട് ദുഃഖിക്കേണ്ടിവരും.

എങ്ങനെ ഇതിൽ നിന്ന് കര കയറാം. ഏറ്റവും നല്ലത് വായനയുടെ ലോകത്തേക്ക് പ്രവേശിക്കുക എന്നതാണ്. ചെറിയ ചെറിയ കഥകളിൽ നിന്ന് തുടങ്ങുക. തുടർന്ന് വലിയ പഠനങ്ങളിലേക്ക് എത്തുക. എന്നാൽ വിപ്ലവങ്ങൾ സൃഷ്ടിക്കാനാകും. മറ്റൊരു പോംവഴി അവരുടെ കഴിവുകളെ കണ്ടെത്തി അത് അവർക്ക് മനസ്സിലാക്കി കൊടുത്ത് അതിലേക്ക് ശ്രദ്ധ തിരിക്കുക എന്നതാണ്.

സുഹൃത്തുക്കൾ ഭാവി നിശ്ചയിക്കുന്നതിൽ പങ്കാരാണ്. ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട എന്നാണല്ലോ ചൊല്ല്. ഒരാളെ പുറത്ത് നിന്ന് വീക്ഷിച്ചുകൊണ്ട് നല്ലവനാണോ ചീത്തവനാണോ എന്ന് ഊഹിക്കാം, പക്ഷെ ഉറപ്പിക്കാനാകില്ല . കൂടുതൽ അടുത്താലേ ഉറപ്പിക്കാൻ സാധിക്കൂ. വിദ്യാർത്ഥികൾ കൂട്ടുകൂടുമ്പോൾ തന്നെ ഈ കാര്യം മനസ്സിൽ ഉറപ്പിക്കണം.

കൂടുതൽ അടുത്താൽ നല്ലവനല്ലെങ്കിൽ പോലും അവനെ ന്യായീകരിക്കും. അതുകൊണ്ട് ചെങ്ങാത്തം സൂക്ഷിച്ച് കൈകാര്യം ചെയ്യണം. പല തിന്മകളിലേക്കും നയിക്കുന്നത് സുഹൃത്തുക്കളാണ്. അവരുടെ പ്രേരണയിലും വാക്കുകളിലും വീണ് പോവാതിരിക്കാൻ ശ്രദ്ധിക്കണം. പ്രേമവും ഇതുപോലെയാണ്. രാത്രി വൈകിയുള്ള സുഹൃത്തുക്കളുമായുള്ള സമ്പർക്കം ശ്രദ്ധിക്കേണ്ടതാണ്. പല കാരണങ്ങളും പറഞ്ഞ് സുഹൃത്തുക്കളുടെ കൂടെ കറങ്ങി നടക്കുന്നതും ശ്രദ്ധിക്കണം. എന്നിരുന്നാലും ഒരു നല്ല സുഹൃത്ത് ജീവിത വിജയത്തിന്റെ നെട്ടുന്തുണായിരിക്കും. സുഹൃത്തുക്കളിലൂടെ ജീവിതത്തിൽ ലഭിക്കേണ്ട പല അനുഭവങ്ങളും മറ്റും ഉണ്ട്. സുഹൃത്തില്ലാത്ത വ്യക്തി ജീവിതത്തിൽ അല്പം പ്രയാസപ്പെടേണ്ടിവരും. അതുകൊണ്ട് നല്ല സുഹൃത്തുക്കൾ വേണം. ലഹരി പഥാർത്ഥങ്ങളുടെ ഉപയോഗത്തിലേക്ക് വിദ്യാർത്ഥികളെ നയിക്കുന്നത് അധികവും സുഹൃത്തുക്കളാണ്.മക്കളുടെ സുഹൃത്തുക്കളെ കുറിച്ചും വീട്ടുകാരെ കുറിച്ചും ധാരണയും പരിചയവും ഉണ്ടാവണം. ഇത് തെറ്റായ കൂട്ടായ്മയിൽ അകപ്പെടാതെ സൂക്ഷിക്കാൻ സഹായകമാകും....

ലഹരി പദാർത്ഥങ്ങൾ വിദ്യാർഥികളിലുണ്ടാക്കുന്ന ചലനം അറിയാവുന്നതാണ് . UP ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ പോലും ലഹരിക്കടിമ പെട്ടിരിക്കുന്നു. ആൺ പെൺ വ്യത്യാസമില്ലാതെ ലഹരിക്കടിമകളാണ് . സുഹൃത്തുക്കളുടെ നിർബന്ധത്തിന് വഴങ്ങിയോ, എന്താണ് എന്ന് അറിയാനുള്ള ആഗ്രഹം മൂലമോ, തമാശക്ക് വേണ്ടിയോ, അനുകരിച്ച് കൊണ്ടോ, ദോഷത്തെ കുറിച്ച് വ്യക്തമായ ധാരണയില്ലാത്തത് മൂലമോ, വിദ്യാർത്ഥികൾ ലഹരിയിലേക്ക് എത്തുന്നു. പതിനഞ്ച് മുതൽ ഇരുപത്തിനാല് വയസ്സുള്ളവരാണ് ഇതിൽ ഏറ്റവും കൂടുതൽ . ആദ്യം മാതാപിതാക്കൾ ഇതൊന്നും ഉപയോഗിക്കാത്തവരായി മാതൃകയാവണം . അതിന്റെ ദൂഷ്യഫലങ്ങളെ കുറിച്ച് മക്കളെ ബോധവത്കരിക്കണം. ലഹരി പദാർത്ഥ ഉപയോഗം തടഞ്ഞത് കാരണമായി അച്ഛനെയും അമ്മയെയും ഡിഗ്രി വിദ്യാർത്ഥി  കൊലപ്പെടുത്തി. ക്ലാസ്സിൽ പോലും ലഹരി  ഉപയോഗം വർധിച്ചിരിക്കുന്നു. അവരോട് സ്ഥിരമായി സമയം ചിലവഴിക്കുന്നതിലൂടെയും സംസാരിക്കുന്നതിലൂടെയും ഇതിൽ നിന്ന് അവരെ തടയാം. ലഹരിയിൽ അകപ്പെട്ടാൽ പുറത്ത് വരുക എന്നത്  ശ്രമകരമായ കാര്യമാണ്. അത് കൊണ്ട് ലഹരിയിൽ അകപ്പെടാതിരിക്കണം.

തെറ്റുകൾ ഒരിക്കലും  മാതാപിതാക്കളുടെയോ അധ്യാപകരുടെയോ അടുക്കലല്ല. ഇവരാരും  തെറ്റിലേക്ക് നയിക്കുന്നില്ല . നിങ്ങൾക്ക് ഒരു തിന്മ വരുന്നത് പോലും തടയാൻ ശ്രമിക്കുന്നവരാണ് അവർ. അതുകൊണ്ട് ഒരാൾ കൊള്ളരുതാത്തവരാവുന്നതിന്റെ കാരണം അയാൾ തന്നെ ആണ്. നല്ലൊരു ലക്ഷ്യബോധം മുഖ്യമാണ്. അതില്ലാത്തത് കൊണ്ടാണ് പലരും ജീവിതത്തിൽ പരാജയത്തെ കണ്ട് മുട്ടിയത്. ശക്തമായ മനസ്സ് വേണം. പ്രേരണകൾക്ക് ഇടം നൽകാത്ത, തെറ്റിലേക്ക് ചായാത്ത, ഉറച്ച തീരുമാനങ്ങൾ  എടുക്കാൻ പര്യാപ്തമായ ഒരു മൈൻഡ്സെറ്റ് സൃഷ്ടിക്കാൻ സാധിക്കണം. അതില്ലാതെയായാൽ കാറ്റിലാടുന്ന ഇലകളെക്കാൾ ദുർബലമായിമാറും. എസ് പറയേണ്ടടുത്ത് എസ് എന്നും നോ പറയേണ്ടടുത്ത് നോ എന്നും പറയാനുള്ള ചങ്കൂറ്റം കൈമുതലാക്കണം.  "ചിന്താശേഷിയുള്ളവർ" എന്നതാണ് മനുഷ്യനെ വ്യത്യസ്ഥനാക്കുന്നത്. വിദ്യാർത്ഥി ജീവിതത്തിൽ ചിന്തക്ക് വളരെ പ്രാധാന്യം ഉണ്ട്. ശരിയായത് ചിന്തിക്കാൻ സാധിക്കണം.

ലോകത്തിന്റെ ഭാവി വിദ്യാർത്ഥികളുടെ കൈകളിലാണ്. ഈ ലോകത്തിനെ നയിക്കേണ്ടതും അവരാണ് എന്നത്  ഓർമ വേണം. ഭാവിയെ സ്വയം നശിപ്പിക്കരുത്. ആത്മഹത്യ ഒന്നിനും പരിഹാരമല്ല!.

സി കെ മുഹമ്മദ് നഫീഹ്
9A

8A

# ഗുരുവിന്റെ ഉപദേശം

കുറുകൾ താമസിക്കുന്ന ഒരു ഗ്രാമത്തിൽ ഒരു ഗുരുവിന്റെ കീഴിൽ കുറച്ച് വിദ്യാർത്ഥികളായ കുറുകൾ പഠിച്ചിരുന്നു.ഗുരു പറഞ്ഞതെന്തോ അത് പാലിക്കുകയും നന്നായി പഠിക്കുന്നവരുമായിരുന്നു വിദ്യാർഥികൾ. അവർക്കിടയിലെ ചിന്നു എന്ന കുറസ്സ് ഏറ്റവും പ്രിയം യാത്രചെയ്യാനായിരുന്നു.
ഇടക്കിടെ ഗുരു ഉപദേഷിപ്പിക്കുമായിരുന്നു:"കുട്ടികളെ,നിങ്ങൾ ഏതൊരു വിഷയത്തിലേക്ക് ഇറങ്ങാൻ ഉദ്ദേശിച്ചാലും നിങ്ങൾക്ക് അത്കൊണ്ട് എന്തെല്ലാം നേടിയെടുക്കാനാവും?എന്ന് ചിന്തിക്കണം".
ചിന്നുക്കുറു ഇതെല്ലം കേട്ടെങ്കിലും അവൻക്ക് വിദേശത്തേക്ക് യാത്ര ചെയ്യാനുള്ള പൂതി അവൻ ഉപേക്ഷിച്ചില്ല. ഒരിക്കൽ യാത്രക്കുള്ള സമ്മതത്തിന് വേണ്ടി ചിന്നുക്കുറ ഗുരുവിനോട് സമ്മതം ചോദിച്ചു.പക്ഷെ ഇത് ഉപകാരമുണ്ടാവാത്ത യാത്രയാണെന്ന് മനസ്സിലാക്കിയ ഗുരു വിസമ്മതിച്ചു.ശേഷം ചിന്നു തിരക്കിചോദിക്കുകയും ഗുരു സമ്മതിക്കുകയും ചെയ്തു.
ചിന്നു യാത്രയാരംഭിച്ചു.അവൻ തുറമുഖത്ത് നിന്ന് ഒരു വ്യക്തിയുടെ പെട്ടിയിൽ കയറിക്കൂടി.യാത്ര തുടങ്ങി ചിന്നുവിന് അങ്ങോട്ടുമിങ്ങോട്ടും  നോക്കിയാൽ കാണുന്നത് ഇരുട്ടാണ്. യാത്ര ഒരുമാസത്തിലേറെ നീണ്ടപ്പോൾ കപ്പൽ ഒരറബ് രാജ്യത്ത് നങ്കൂരമിട്ടു.അവിടെയെത്തിയ ചിന്നു പെട്ടി തുറക്കപ്പെട്ടപ്പോൾ പുറത്തു ചാടി ഉല്ലസിക്കാൻ തുടങ്ങി.പിന്നീടവൻ ചങ്ങാതിമാരെ അന്വേഷിച്ച് നടക്കുകയും ഒരു കുറുകളുടെ ഗ്രാമത്തിലേക്ക് എത്തിപ്പെടുകയും ചെയ്തു.
ചിന്നുവിനെ അവർ സ്വീകരിച്ചു.അറബികളായിരുന്നു ആ കുറുകൾ.ഗുരുവിന്റെ അടുക്കൽ നിന്നും അറബി പഠിക്കാനാരംഭിക്കുന്നതിനിടയിൽ യാത്രക്കായി പുറപ്പെട്ട ചിന്നുവിന് അറബി സംസാരിക്കാൻ കഴിഞ്ഞില്ല.ചിന്നു അവരിൽ നിന്നും രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല.
ഏകദേശം ഒരു വർഷം കഴിഞ്ഞപ്പോഴേക്കും ചിന്നു നാട്ടിലേക്ക് പോകാനിരിക്കുന്ന ഒരു മലയാളിയെ കണ്ടു.അവൻ അദ്ദേഹത്തിൻറെ പെട്ടിയിൽ കയറിക്കൂടി നാട്ടിലെത്തി.
നാട്ടിലെത്തിയ ചിന്നു ഗുരുവിനെ തേടിയലയുമ്പോൾ നാട്ടുകാർ ഗുരു മരണപ്പെട്ടു എന്ന് പറഞ്ഞു.ശേഷമവൻ തന്റെ കൂട്ടുകാരെ അന്വേഷിച്ച് നോക്കുമ്പോൾ നാട്ടുകാർ"അവർ അറബ് രാജ്യത്തെ രാജാവിന്റെ കൊട്ടാരത്തിൽ ജോലിക്കായി പോയിട്ടുണ്ട് " എന്ന് പറഞ്ഞു.
ചിന്നു തനിക്ക് പറ്റിയ തെറ്റിനെപ്പറ്റിയാലോചിച്ച് കരയുകയും ഗുരുവിന്റെ ഉപദേശത്തെ ലങ്കിച്ചതിൽ കേദിച്ച് നിൽക്കുകയും ചെയ്തു.

മുഹമ്മദ് സ്വാലിഹ്

# അഹങ്കാരിയായ കച്ചവടക്കാരൻ

ഒരു നാട്ടിൽ ഒരു പേരുകേട്ട കച്ചവടക്കാരനുണ്ടായിരുന്നു അവന്റെ പേര് രാജു വലിയ വിജ്ഞാനിയാണ് ഏത് ശാഖയെ പറ്റി ചോദിച്ചാലും തൃപ്തികരമായ മറുപടി ലഭിക്കും വലിയ വിജ്ഞാനിയാണെങ്കിലും അതിനോളം അഹങ്കാരവും രാജുവിന്റെ പക്കൽ ഉണ്ട് .
ഒരിക്കൽ ഒരാൾ രാജുവിന്റെ അടുക്കൽ എത്തി എന്നിട് അദ്ദേഹം ചോദിച്ചു :  എനിക്ക് ഒരു ജോലിയുണ്ടോ നിങ്ങളുടെ പക്കൽ തരാൻ?, അപ്പോൾ രാജു അഹങ്കാരത്തോടെ പറഞ്ഞു : ജോലി വേണോ ... തരാം പക്ഷെ ഒരു ജോലി മാത്രമേ ഉള്ളൂ, അത് എന്റെ വേലക്കാരനാവുക എന്നതാണ്. എന്നാലും, എന്ത് ചെയ്യാനാ നിനക്ക് അതിനുള്ള യോഗിത പോലും ഇല്ലാതെ പോയി, അത് കൊണ്ട് നീ പൊയ്ക്കോ, ഇത്രേം പറഞ്ഞ് രാജു അയാളെ അപമാനിച്ചു , അപ്പോൾ അയാൾ പറഞ്ഞു: ഞാനൊരു ചോദ്യം ചോദിക്കാം അതിന് ഉത്തരം നിങ്ങൾക് നാളെയായിട്ടും കിട്ടിയില്ലെങ്കിൽ ഞാനവർത്ത നാടുനീളെ പടർത്തും.  രാജു ഒരൽപം പോലും അഹങ്കാരകുറവില്ലാതെ പറഞ്ഞു: നീ ചോദിക്ക്, നാളെയല്ല ഈ നിമിഷം തന്നെ അതിന് ഉത്തരം ഞാൻ നൽകും.
അയാൾ തലകുലുക്കി കൊണ്ട് ചോദിച്ചു:" കൈയ്യടിക്കുമ്പോൾ ഉണ്ടാകുന്ന ശബ്ദം വലത്തേ കൈയിൽ നിന്നാണോ ഉണ്ടാകുന്നത് അതോ ഇടത്തെ കയ്യിൽ നിന്നാണോ?" ചോദ്യം കേട്ട് രാജു പകച്ചു പോയി ആ വ്യക്തി അവിടന്ന് സ്ഥലം കാലിയാക്കി രാജു ചിന്തയിലാണെണ്ടിരുന്ന് പിറ്റേ ദിവസമായിട്ടും രാജുവിന് അതിന്റെ ഉത്തരം കിട്ടിയില്ല. ആ വ്യക്തി അത് കാട്ടുതീ പോലെ നാട് നീളെ പടർത്തി . നാട്ടിലുള്ള രാജുവിന്റെ നിലവാരവും സ്ഥാനവും  മാനവും എല്ലാം നഷ്ടപ്പെട്ടു , രാജു നാണം കേട്ടു. കൂട്ടുകാരെ ഇതിൽ നാം ഉൾക്കൊള്ളേണ്ട പാഠം എന്തെന്നോ " അഹങ്കാരം ആപത്താണ് "

ആഫിൽ മുഹമ്മദ്
9A

9A

# ചതിയനായ പാചകക്കാരൻ

**രാമു** ഒരു പാചകക്കാരനാണ്. നാട്ടിൽ ഏതു പരിപാടിയുണ്ടെങ്കിലും പാചകത്തിന് രാമുവിനെയാണ് വിളിക്കുക. അതിന്റെ ഗമ അയാൾക്കുണ്ടു താനും.

ഒരു ദിവസം ചെറുപ്പക്കാരനായ രവി രാമുവിനെ കാണാനെത്തി. രവി രാമുവിനോട് പറഞ്ഞു: ' ഞാൻ അടുത്ത ഗ്രാമത്തിൽ നിന്നാണ്. എന്നെ പാചകത്തിനായി അങ്ങയുടെ സഹായിയായി നിർത്താമോ?' അത് കേട്ട രാമു ഒന്ന് ഞെളിഞ്ഞു. ഹമ്പട ! എന്റെ കഴിവിനെ പറ്റി അടുത്ത ഗ്രാമത്തിലുള്ളവരും അറിഞ്ഞിരിക്കുന്നു ! 'ശരി' രാമു സമ്മതിച്ചു. " പക്ഷെ, ഉണ്ടാകുന്ന വിഭവങ്ങളുടെ ഗുണ നിലവാരത്തിൽ ഞാനൊരു വിട്ടുവീഴ്ച്ചയും ചെയ്യില്ല, അതോർമ്മ വേണം' രവി സമ്മതിച്ചു",

രാമു പറഞ്ഞു:' ആദ്യം കുറച്ചു ഗോതമ്പു പൊടിയെടുത്ത് വെള്ളമൊഴിച്ച് മാവുണ്ടാക്കി കൊണ്ടു വരൂ. പൊടി നന്നായി കലങ്ങണം. കാണട്ടെ മിടുക്ക്.'
രവി അടുക്കളയിൽ ചെന്നു ഗോതമ്പു പൊടിയെടുത്തു. അതിൽ ആവാശയത്തിനു വെള്ളം ചേർത്ത് തവി കൊണ്ട് ഇളക്കി പൊടി കട്ടകളെല്ലാം നന്നായുടച്ചു. എന്നിട്ടതൊരു പാത്രത്തിലാക്കി കൊണ്ട് വന്ന് രാമുവിന്റെ മുന്നിലേക്കു നീട്ടി. നേരം സന്ധ്യയായിരുന്നു.
രവി ചോദിച്ചു: 'ഇരുട്ടു തുടങ്ങിയല്ലോ, വിളക്കെടുക്കട്ടെ ?' രാമു ചിരിച്ചു കൊണ്ട് പറഞ്ഞു: 'ഹ.ഹ ! ഇതു നോക്കാൻ എനിക്ക് വെളിച്ചമൊന്നും വേണ്ട,
ഒന്നിളക്കിനോക്കിയാൽ മാത്രം മതി. രവി തവിയുമായി വന്നു. രാമു ഗമയിൽ ഇളക്കി നോക്കി. എന്നിട്ടു പറഞ്ഞു: 'പോരാ, കുറച്ചു കൂടി അലിയാനുണ്ട്.' രവി അകത്തു പോയി ഒരുപാട് നേരം ഇളക്കി തിരിച്ചു വന്നു. രാമു ഇളക്കി നോക്കി വീണ്ടും പറഞ്ഞു: ' ഇനിയും ശരിയാകാനുണ്ട്. ഇളക്കുമ്പോൾ വെള്ളം പോലെ തോന്നണം, ഒരു തരി പോലും ഉണ്ടാകരുത്''. രവി അമ്പരന്നു. ഇതിനേക്കാൾ നന്നായി ഇനി എങ്ങനെ ഇളക്കും? രവി അകത്തു പോയി വീണ്ടും നന്നായി ഇളക്കി. എന്നാൽ, അത് പരിശോധിച്ചപ്പോഴും രാമു പഴയ പല്ലവി ആവർത്തിച്ചു: 'പോരാ വെള്ളം പോലെയാകട്ടെ'. രവി ഒന്നും മിണ്ടാതെ അകത്തു പോയി അൽപ്പനേരം കഴിഞ്ഞ് തിരികെയെത്തി. രാമു ഇളക്കി നോക്കിയിട്ട് പറഞ്ഞു: ' പോരാ പച്ച വെള്ളം പോലെയാകണം'. ഇതു കേട്ട് രവി പാത്രം താഴെ വെച്ച് പുറത്തിറങ്ങാൻ ഭാവിച്ചു പറഞ്ഞു: 'ക്ഷമിക്കണം, അങ്ങയുടെ കൂടെ നിൽക്കാൻ ഞാനില്ല'.

'ങേ.. അതെന്താ ? കഷ്ടപ്പെട്ട് പണിയെടുക്കാൻ വയ്യ അല്ലെ? രാമു ചോദിച്ചു. 'അല്ല' രവി പറഞ്ഞു: ' നോക്കൂ, ഞാൻ അവസാനം കൊണ്ട് വന്നത് പച്ചവെള്ളം തന്നെയായിരുന്നു. എന്നാൽ താങ്കൾ എന്നെ പറ്റിക്കാൻ പച്ച വെള്ളം പോലെയാക്കണമെന്ന് പറഞ്ഞു. എന്റെ കയ്യിലുള്ളത് വെള്ളമാണെന്ന കാര്യം താങ്കൾ അറിഞ്ഞില്ല. ഇങ്ങനെ കൂടെയുള്ളവരെ വഞ്ചിക്കുന്നവരോടപ്പം നിൽക്കാൻ ഞാനില്ല. നല്ല പാചകക്കാർ ഞങ്ങളുടെ നാട്ടിൽ ഇഷ്ട്ടം പോലെയുണ്ട്''. ഇത്രയും പറഞ്ഞ് രവി ഇറങ്ങി നടന്നു. രാമുവിന് കുറ്റ ബോധം തോന്നി. ഇനിയുള്ള കാലം നല്ല പാചകക്കാരനായി ജീവിക്കുമെന്ന് രാമു തീരുമാനിച്ചു.

മുഹമ്മദ് സഅദ്
9D

# ബുദ്ദിമാനായ കഴുത

ഒരു ഗ്രാമത്തിൽ ഒരു കൃഷിക്കാരനുണ്ടായിരുന്നു. പുഴക്കരയിൽ ഒരു വീടും ഫലപുഷ്ടിയുള്ള പാഠങ്ങളും സ്വന്തമായുണ്ടായിരുന്ന കൃഷിക്കാരൻ ഭാര്യയോടും മക്കളോടുമൊപ്പം സുഖമായി ജീവിതം നയിച്ചിരുന്നു. പക്ഷിമൃഗാദികളുടെ ഭാഷ അയാൾക്ക് വശമായിരുന്നു. കൃഷിക്കാരൻ ഒരു കാളയെയും കഴുതയെയും വളർത്തിയിരുന്നു. കാളയെ നിലമുഴുതാൻ ഉപയോഗിച്ച് കഴുതയെ യാത്രചെയ്യാനുമുപയോഗിക്കും . ഒരുദിവസം കാള കഴുതയുടെ തൊഴുത്തിനു സമീപം ചെന്നു . വൃത്തിയുള്ള തൊഴുത്തിലായിരുന്നു കഴുതയുടെ സുഖവാസം . യജമാനൻ എപ്പോഴെങ്കിലും യാത്രക്ക് പോകുമ്പോൾ മാത്രമേ കഴുതയ്ക്ക് ജോലിയുള്ളൂ.അതിനാൽ തന്നെ കാള നെടുവീർപ്പിട്ടു : "ഭാഗ്യവാൻ". ശബ്ദം കേട്ടു കഴുത കണ്ണു തുറന്നപ്പോൾ കാള പറഞ്ഞു: "സ്നേഹിതാ.... നിനക്കു തിന്നുകയും ഉറങ്ങുകയും മാത്രമാണല്ലോ ജോലി ബാർലി തിന്നു വിശ്രമിച്ചാൽ മതി. ഞാനിതാ ഉഴുതുമറിച്ച് എല്ലുംതോലുമായി".എപ്പോഴും ഇതുമാത്രം കാളയിൽ നിന്നും കേട്ടിരുന്ന കഴുത അവനെ ഒന്നു് ഉപദേശിച്ചു : "നീയൊരു കാര്യം ചെയ്യണം. നാളെ കാലപ്പയിൽ നിന്നെ കെട്ടുമ്പോൾ നീ നിലത്തുവീഴണം. യജമാനൻ നിന്നെ അടിച്ചാലും നീ എഴുന്നേൽക്കരുത്. നിന്നെ തൊഴുത്തിൽ കൊണ്ടുവന്നാൽ പുല്ലും വൈക്കോലും നീ തൊടരുത്. ഇങ്ങനെ രണ്ടുമൂന്നു ദിവസം വെള്ളം കുടിക്കാതെയും ഒന്നും ഭക്ഷിക്കാതെയും നീ രോഗം അഭിനയിക്കണം . എങ്കിൽ യജമാനൻ നിന്നെക്കൊണ്ട് ജോലി ചെയ്യിക്കില്ല". ഇതെല്ലാം തൊഴുത്തിനു പിന്നിൽ നിന്നിരുന്ന യജമാനൻ കേട്ടു. അല്പം കഴിഞ്ഞു പണിക്കാർ വന്നപ്പോൾ കാള കഴുത പറഞ്ഞതുപോലെ രോഗം അഭിനയിച്ചു കിടക്കുകയായിരുന്നു. പതിവുപോലെ കാള തീറ്റ തിന്നുന്നില്ല. ആ സമയം യജമാനൻ പണിക്കാർക്ക് വിവരമറിയിച്ചു കൊടുത്തു : "ഇന്ന് കാളക്ക് പകരം കഴുതയെ കൽപ്പയിൽ കെട്ടണം ". പകൽ മുഴുവൻ ഉഴുതുമറിച്ച് തളർന്ന കഴുത വൈകുന്നേരം വീട്ടിലെത്തി.വീട്ടിലെത്തിയ കഴുതയോട് കാള അവന്റെ ഉപദേശത്തിനു നന്ദി പറഞ്ഞു. തൻറെ ബുദ്ധിമോശം ഓർത്തു പശ്ചാത്തപിച്ച് കഴുത ഒന്നും മിണ്ടിയില്ല. പിറ്റേന്നും കഴുതയെ കാലപ്പയിൽ കെട്ടി. കഴുതയുടെ കഴുത്തിലെ തൊലി പൊട്ടാൻ തുടങ്ങി. അന്നും പണികഴിഞ്ഞ് എത്തിയപ്പോൾ കാള സ്നേഹിതനെ പുകഴ്ത്തി. കഴുത പറഞ്ഞു: "എനിക്ക് ഇന്നും നന്നായി പണിയുണ്ടായിരുന്നു. അതിരിക്കട്ടെ ഇന്ന് ഞാൻ ഒരു വർത്തമാനം യജമാനനിൽ നിന്നും കേട്ടു. കാളക്ക് സുഖമില്ലെന്നും രോഗം ഭേദമായില്ലെങ്കിൽ കശാപ്പുകാരൻ കൊടുത്ത് തൊലികൊണ്ട് മേശവിരി ഉണ്ടാക്കുമെന്നും യജമാനൻ പറഞ്ഞു".ഇത് കേട്ട് കാളയാകെ പേടിച്ചു പോയി. "സ്നേഹിതാ നീ പറഞ്ഞത് നന്നായി". മണ്ടൻ കാള കഴുതയോട് തന്നെ രക്ഷിച്ചതിൽ നന്ദി പറയുകയും അന്ന് മുതൽ അവൻ പാടത്ത് പോയി നന്നായി പണിയെടുക്കുകയും ചെയ്തു.

മുഹമ്മദ് സ്വാലിഹ് .എം. ടി.
9A

# ശിക്ഷക്കു കിട്ടിയ ശിക്ഷ

ഗ്രാമത്തിലെ കർഷകനായിരുന്നു വേലു. നേരം വെളുത്താലുടൻ തൂമ്പയുമെടുത്ത് വേലു വയലിലേക്കിറങ്ങും. പക്ഷികൾക്കും മറ്റു ജീവികൾക്കും വേലുവിന്റെ വയലിലേക്കടുക്കാൻ പോലും പേടിയാണ്. ഒരു നെല്മണിയുടുത്താൽ മതി, വേലു കോപം കൊണ്ട് വിറയ്ക്കും, കെണി വെച്ച് പിടിക്കും. വേലുവിന്റെ കൈലകപ്പെട്ടാൽ കഥ കഴിഞ്ഞതു തന്നെ.

ഒരു രാത്രി വിശന്നു വലഞ്ഞ ഒരു കുറുക്കൻ അതുവഴി വന്നു. വേലുവിന്റെ വയലിൽ ധാരാളം ഞണ്ടുകളെ കണ്ടപ്പോൾ കുറുക്കൻ സന്തോഷമായി. കുറുക്കൻ വയറു നിറയുന്നത് വരെ ഞണ്ടുകളെ അകത്താക്കി. 'രണ്ടാഴ്ച്ചത്തേക്ക് മൂക്കുമുട്ടെ തിന്നാനുള്ള വകയുണ്ടിവിടെ, എന്നാലും വെളുക്കും മുൻമ്പ് രക്ഷപ്പെടുന്നതാണ് ബുദ്ധി. നാളെയും ഇതു വഴി വരാം' കുറുക്കൻ ചിന്തിച്ചു. രാവിലെ വയലിലെത്തിയ കുറുക്കന്റെ കാലടികൾ കണ്ട് നിലവിളിച്ചു: 'അയ്യോ, എന്റെ വയലിൽ ആരോ ആരോ ഇറങ്ങിയിട്ടുണ്ടല്ലോ. കാൽപാദങ്ങൾ കണ്ടിട്ട് ഒരു കള്ളകുറുക്കന്റെതാണെന്നു തോന്നുന്നു. വേലു ഉടൻ വീട്ടിൽ പോയി ഒരു കെണിയുമായി വന്നു. 'ഇനി ആ കുറുക്കൻ വയലിലിറങ്ങട്ടെ, കെണിയിൽ കുടുങ്ങിയാൽ അവന്റെ കൊതി ഞാൻ തീർക്കും.

തന്നെ കുടുക്കാൻ വേലു കെണിവെച്ചതറിയാതെ കുറുക്കൻ അടുത്ത രാത്രിയും അതു വഴി വന്നു. അന്നും പിന്നെ ഒന്നു രണ്ട് ദിവസവും കെണിയിൽ പെടാതെ കുറുക്കൻ രക്ഷപ്പെട്ടു. മൂന്നാം ദിവസം കുറുക്കൻ കെണിയിൽ പെട്ടു. " അയ്യോ, എന്റെ കാലേ" എന്ന് നിലവിളിക്കാൻ തുടങ്ങി. രാവിലെ വയലിലെത്തിയ വേലു കെണിയിലകപ്പെട്ട കുറുക്കനെ കണ്ട് തുള്ളിച്ചാടി. " എടാ, കള്ളാ കുറുക്കാ... നീയായിരുന്നല്ലേ എന്റെ വിളഞ്ഞു നിൽക്കുന്ന നെൽകതിരുകൾ നശിപ്പിച്ചത്!" ഇങ്ങനെ പറഞ്ഞ് വേലു ഒരു മുട്ടൻ വടിയെടുത്ത് അരിശം മുഴുവൻ കുറുക്കന്റെ

ദേഹത്തിട്ടു തീർക്കാൻ തുടങ്ങി. കുറുക്കൻ വേദന കൊണ്ട് പുളഞ്ഞു പറഞ്ഞു:" ഇനി എന്നെ തല്ലല്ലേ... ഞാൻ ഞണ്ടുകളെ പിടിക്കാൻ വന്നതാണേ..." കലിതീരാത്ത വേലു വാലിൽ തുണി ചുറ്റി മണ്ണെണ്ണയൊഴിച്ച് തീ കൊളുത്തി. വേദന കൊണ്ട് പുളഞ്ഞ കുറുക്കൻ വാലിലെ തീയുമായി വയലിലൂടെ അങ്ങുമിങ്ങും ഓടാൻ തുടങ്ങി. കുറുക്കന്റെ വാലിൽ നിന്ന് തീ പടർന്ന് വയലിലെ വിളഞ്ഞു നിൽക്കുന്ന കതിരുകൾ മുഴുവൻ കത്തിത്തുടങ്ങുമ്പോഴാണ് വേലുവിന് അബദ്ധം മനസ്സിലായത്. " അയ്യോ.. ഓടി വരണേ.. എന്റെ വയൽ കത്തി ചാമ്പലാകുന്നേ." വേലു നിലവിളിച്ചു. പക്ഷേ, ആരും വന്നില്ല. നെല്ലു മുഴുവൻ കത്തിപ്പോയി. അതിൽ നിന്നു വേലു ഒരു പാഠം പഠിച്ചു.

" മേലിൽ ആരേയും ഞാൻ ഉപദ്രവിക്കില്ല." വേലു ശപഥം ചെയ്തു. വയലിനപ്പുറത്തെ അരുവിയിൽ വീണ് വാലിലെ തീയണഞ്ഞപ്പോൾ കുറുക്കൻ കാട്ടിലേക്ക് ഓടി രക്ഷപെടുകയും ചെയ്തു.

മുഹമ്മദ് സഅദ്
9D



# അയൽ വാസിയുടെ ചതിയിൽ കുടുങ്ങിയ കച്ചവടക്കാരൻ

**അ**ബ്ബാസിയ്യ ഭരണകാലത്ത് ബഗ്ദാദിൽ ഒരു കച്ചവടക്കാരനുണ്ടായിരുന്നു. അദ്ദേഹം വളരെ ദൂരെയുള്ള ഒരു സ്ഥലം സന്ദർശിക്കാൻ വേണ്ടി പോകാൻ തീരുമാനിച്ചു. അയാളുടെ പക്കൽ ഒരു കലം നിറയെ സ്വർണ്ണ നാണയം ഉണ്ടായിരുന്നു. അയാൾക്ക് പോകേണ്ട ദിവസം അടുത്ത് വന്നപ്പോൾ അയാൾക്ക് സ്വർണ്ണ നാണയത്തിന്റ മേൽ പേടിയായി. അയാൾ ആ സ്ഥലം സന്ദർശിച്ച് വരുന്നതുവരെ ഈ കലം ഇവിടെ വെച്ചാൽ വല്ല കള്ളന്മാരും എടുത്തു കൊണ്ട് പോകുമോ എന്ന് പേടിച്ചു. പിന്നീട് അയാൾ വിചാരിച്ചു . ഈ കലം തന്റെ അയൽവാസിയുടെ അടുക്കൽ കൊടുക്കാം . ഞാൻ തിരിച്ചു വന്നിട്ട് അത് തിരിച്ചു വാങ്ങാം എന്നായി.എന്നിട്ട് ആ കലത്തിന്റെ മുകൾ ഭാഗത്തു നിന്നും കുറച്ച് സ്വർണ്ണമെടുത്തു അവിടെ സ്വർണ്ണമെടുത്തത് അറിയാതിരിക്കാൻ സൈതൂൻ കായ വെച്ചു. ആ കലം അയാൾ അയൽവാസിയുടെ കയ്യിലേൽപിച്ചു.എന്നിട്ട് പറഞ്ഞു: "ഞാൻ ദൂരെയുള്ള ഒരു സ്ഥലം സന്ദർശിക്കാൻ പോകുകയാണ്. ഈ കലം നിറയെ സൈതൂനാണ്.ഞാൻ തിരിച്ച് വന്നാൽ എനിക്കിതു തിരിച്ചു തരണം". അയാൾ അങ്ങനെ യാത്രയായി. കുറച്ച് നാളുകൾക്ക് ശേഷം അയൽവാസിയുടെ ഗർഭിണിയായ ഭാര്യക്ക് സൈതൂൻ തിന്നാൻ കൊതിയായി. അക്കാര്യം ഭർത്താവിനോട് പറഞ്ഞു. ഭർത്താവിന്റെ കയ്യിൽ സൈതൂൻ വാങ്ങാൻ പണമില്ലായിരുന്നു. അയാൾ കുറെ ആലോചിച്ചു. അയാൾക്ക് കച്ചവടക്കാരനായ അയൽവാസി തന്നെ ഏൽപിച്ച കലത്തെ കുറിച്ച് ഓർമ്മ വന്നു. അയാൾ ആ കലത്തിൽ നിന്നും ഓരേ ദിവസവും കുറച്ചു വീതം സൈതൂൻ എടുത്തു ഇത് ദിവസവും ആവർത്തിച്ചിരുന്നു ഒരു ദിവസം ആ കലത്തിൽ കയ്യിട്ടപ്പോൾ അയാൾക്ക് കിട്ടിയത് സ്വർണം ആയിരുന്നു. അയാൾ അതിശയിച്ചു പോയി. അയാൾ ആ സ്വർണ്ണും മുഴുവൻ എടുത്തു. എന്നിട്ട് ആ കലത്തിൽ നിറയെ സൈതൂൻ വെച്ചു. കുറച്ച് കാലത്തിനു ശേഷം കച്ചവടക്കാരൻ വന്ന ഉടനെ അയൽവാസിയുടെ വീട്ടിൽ പോയി. അയൽക്കാരൻ നല്ല രൂപത്തിൽ അയാളെ സ്വീകരിച്ചു.കുറച്ചു കഴിഞ്ഞ് കച്ചവടക്കാരൻ കലം ആവശ്യപ്പെട്ടു. കലവും വാങ്ങി ഉടനെ വീട്ടിൽ പോയി ഒരു തുണിയിൽ ആ കലം ചെരിഞ്ഞു.

അപ്പോൾ അയാൾ കണ്ടത് അത് നിറയെ സൈത്തൂൻ കയയായിരുന്നു . തന്നെ വഞ്ചിക്കപ്പെട്ടിരിക്കുന്നു എന്നറിഞ്ഞ അയാൾ ആ കാര്യം ഖലീഫ ഹാറൂൻ റഷീദിനോട് പറഞ്ഞു. അങ്ങനെ ആ കാര്യം നാടാകെ പരന്നു. ഖലീഫ അയൽവാസിയെ അനുകൂലിച്ച വിധി പറഞ്ഞു സദസ്സ് പിരിച്ചു. കുറച്ച് ദിവസങ്ങൾക്ക് ശേഷം ഖലീഫയും മന്ത്രിയും ഒരു വഴിയിലൂടെ പോകുമ്പോൾ കുറച്ച് കുട്ടികൾ കച്ചവടക്കാരനും അയൽവാസിയും കളിക്കാം എന്ന് പറഞ്ഞ് അവർ കളി ആരംഭിച്ചു. ഖലീഫയും മന്ത്രിയും ഇത് കണ്ടു.പിന്നെ ഉടനെ തന്നെ ഖലീഫ കച്ചവടക്കാരനെയും  അയൽവാസിയെയും കോടതിയിലേക്  വിളിച്ചു. എന്നിട്ട് അയൽക്കാരനോട് ചോദിച്ചു. ഇയാൾ നിങ്ങളെ ഏൽപ്പിച്ചപ്പോൾ ഇതിൽ എന്തായിരുന്നു " സൈത്തൂൻ  കായയായിരുന്നു " കച്ചവടക്കാരനെട് ചേദിച്ചു ഇതിൽ മുഴുവനും സൈത്തൂൻ ആയിരുന്നോ ? "അല്ല പകുതി സൈത്തൂനും പകുതി സ്വർണ്ണവും ആയിരുന്നു "നാട്ടിലുള്ള മറ്റു ചില  സൈത്തൂൻ കച്ചവടക്കാരെയും കോടതിയിലേക് വിളിച്ചു അവരോട്  ഇത് പുതിയ  സൈത്തൂനാണോ ചോദിച്ചു?  ഇത് പുതിയ  സൈത്തൂനാണെന്ന് അവർ പറഞ്ഞതോടെ അയാൾ തൻറെ കുറ്റം സമ്മതിക്കുകയും ചെയ്തു  അപ്പോൾ ഖലീഫക്ക് ഇയാളാണ് കള്ളൻ എന്ന് മനസിലായി  ഈ വാർത്ത നാട്ടിൽ ആകെ പരഞ്ഞു അതോടെ ഇയാൾക്ക് നാട്ടിലുള്ള കൂട്ടുകാരെയും നാട്ടുകാരെയും  നഷ്ടപ്പെടുകയും ചെയ്തു

മുഹമ്മദ് സിനാൻ
9D

# വിധികർത്താവ്

ഇന്ന് തിങ്കൾ. ഞായറിന്റെ ആലസ്യത്തിനുശേഷം ആശുപത്രിയിലെ ഓ.പി.കൾ വീണ്ടും സജീവമാകുന്ന ദിനം. ആംബുലൻസുകൾ ശബ്ദം മുഴക്കി എങ്ങോട്ടൊക്കെയോ ചീറിപ്പാഞ്ഞുകൊണ്ടിരുന്നു. രോഗികളെ നേരിടാൻ ഡോക്ടർമാർ നേരത്തേതന്നെ ഹാജരായി. പേരു വിളിക്കുന്നതും കാത്ത് രോഗികൾ അക്ഷമരായി പലയിടങ്ങളിലും നിലയുറപ്പിച്ചിരുന്നു.
എല്ലാവരുടെയും മുഖത്ത്, ആകുലതയും വേദനയും ആശയക്കുഴപ്പവും ദൈന്യവും നിറഞ്ഞുനില്പുണ്ട്; അല്ലെങ്കിലും ആശുപത്രിയിൽ സന്തോഷത്തിന് എന്തു പ്രസക്തി? പലതരം രോഗാണുക്കൾക്കു മുന്നിൽ പൂർണ്ണമായി കീഴടങ്ങാൻ മടിച്ച രോഗികളെ ആശുപത്രിക്കാർ കനത്ത ബില്ലിലൂടെ അനായാസം കീഴടക്കുന്നതും പതിവു കാഴ്ചയായി.

മിക്കവാറും എല്ലാ വകുപ്പുകളും വാരം മുഴുവനും ഓടുന്നുണ്ടെങ്കിലും ആഴ്ചയിൽ രണ്ടുദിവസം മാത്രമേ സർജറിയുള്ളൂ – തിങ്കളും വ്യാഴവും. കാരണം, സർജൻ–രാജീവൻ അല്പം ജ്യോതിഷത്തിന്റെ ഇളക്കമുണ്ട്. പേരുദോഷമുള്ള ചൊവ്വ, ബുധൻ കള്ളൻ, ശനിയുടെ അപഹാരം എന്നിങ്ങനെ പ്രശ്നങ്ങൾ...എന്നാലോ? രോഗികളുടെ പോക്കറ്റു കീറി എല്ലാ ദിവസവും പണം സംഭരിച്ചുകൂട്ടുന്നതിന് അദ്ദേഹത്തിന് യാതൊരു സമയനോട്ടവുമില്ലായിരുന്നു.
അതേസമയം, ഒരാൾ തന്റെ പതിവ് രീതിയിൽത്തന്നെ നടകൾ ഓടിക്കയറി രോഗികളുടെ ഇടയിലൂടെ തിക്കിത്തിരക്കി പഞ്ചിങ്മെഷീനു മുന്നിലെത്തി. ചൂണ്ടാണിവിരൽ അതിലമർത്തിയപ്പോൾ 'Time– 8:59:26, Ramees P.R' എന്ന് പച്ചവെളിച്ചത്തിൽ തെളിഞ്ഞതിനൊപ്പം ഒരു ബീപ് ശബ്ദവും കേട്ട് അയാൾ ദീർഘനിശ്വാസം വിട്ടു.

'വെള്ളയും വെള്ളയും' യൂണിഫോം ഇട്ടതിനുശേഷമേ പഞ്ച് ചെയ്യാവൂയെന്ന് എം.ഡി. പ്രത്യേകം പറഞ്ഞിട്ടുള്ള കാര്യമാണെങ്കിലും അയാളുടെ ചിട്ടയില്ലാത്ത ജീവിതം അതിനൊന്നും സമയം അനുവദിച്ചിരുന്നില്ല. ജോലിയിൽ കയറിയിട്ട് നാലുവർഷമായിട്ടും അവന്റെ മൂക്ക് ആശുപത്രിയിലെ പരമ്പരാഗത മണവുമായി ഒത്തുപോകാൻ കൂട്ടാക്കിയില്ല. പിന്നല്ലേ ഇത്!

സർജിക്കൽവാർഡിലെ അരുണിയമ്മസിസ്റ്റർ ഇടയ്ക്ക് റമീസ് വിളിച്ചുകൊണ്ടിരുന്നു.

ഫയലുകളുമായി അയാൾ പല വാർഡിലൂടെയും മറ്റും ചുറുചുറുക്കോടെ ഓടിയശേഷം തിരിച്ച് ഓ.പിയിലേക്ക് വന്നപ്പോൾ അവിടെ രാജീവൻഡോക്ടറെ കാണുവാൻ സർവത്ര തിരക്ക്.
ഏകദേശം നാല്പതോളം പേർക്ക് ഇതിനോടകംതന്നെ ടോക്കൺ കൊടുത്തുകഴിഞ്ഞിരുന്നു.

റമീസ് എല്ലാവരെയും ഒന്നു വീക്ഷിച്ചു. ഭാഗ്യം! ഇന്നു പരിചയക്കാർ ആരുമില്ല.
"റമീസേ... താൻ എസ്-11-ലെ കുമാരന് വീൽചെയറുമായി ചെല്ല്. ഡോക്ടറുടെ റിലേറ്റീവാണെന്ന്. സ്കാനിങ് കഴിഞ്ഞ് തിരിച്ചു റൂമിൽ ആക്കിയിട്ട് ഇയാള് വന്നാൽ മതി."
അരുണിയമ്മസിസ്റ്ററിന്റെ ഉത്തരവ് അയാൾക്ക് ആശ്വാസമായി തോന്നി.
ഹാവൂ! സ്കാനിങ് റൂമിന്റെ മുന്നിൽ തനിക്ക് കുറേനേരം കുത്തിയിരിക്കാമല്ലോ. നഴ്സിങ് സ്റ്റേഷനിൽ ഒരു മൂലയ്ക്ക് ചേർത്തിട്ടിരുന്ന പളപളാന്ന് മിന്നുന്ന പുത്തൻവീൽചെയറുമായി വരാന്തയിലേക്ക് ഉരുണ്ടപ്പോൾ കസേരക്കാലുകളിലും മനുഷ്യക്കാലുകളിലും പോറാതെ ശ്രദ്ധിച്ച് നീങ്ങവേ, കറുത്ത് മെലിഞ്ഞൊരു പെൺകുട്ടി നിൽക്കുന്നതു കണ്ടു.

ഇത്...ഇത്.... ഷിബുചേട്ടന്റെ മോളല്ലേ?
"അല്ലാ... കൊച്ചിനെന്തു പറ്റി? ഇതെന്താ കൂടെ ആരുമില്ലേ..."
"അച്ഛനിന്ന് പണിയൊണ്ടായിരുന്നു"
അവൾ രണ്ടു ചോദ്യങ്ങളുടെ ഉത്തരം ഒന്നിലൊതുക്കി.
"ഈ കസേര ഇട്ടിരിക്കുന്നത് ഇരിക്കാൻ വേണ്ടിയാ. ഇവിടെ സൗജന്യ ചികിൽസയൊന്നുമല്ല കിട്ടുന്നത്. രൂപ കൊടുത്തിട്ടാ. ആരേം ആവശ്യമില്ലാതെ ബഹുമാനിക്കണ്ടാന്നേ..."
അല്പം കൃത്രിമഗൗരവം ഭാവിച്ചശേഷം ഒന്നു ചിരിച്ചിട്ട് അയാൾ മുന്നോട്ടു പോയി.

പക്ഷേ, അവൾ ഇരിക്കാൻ കൂട്ടാക്കാതെ അവിടെത്തന്നെ നിലയുറപ്പിച്ചു. റമീസിന്റെ വീൽചെയർ കയറ്റവും ഇറക്കവും ലിഫ്റ്റും താണ്ടി മുന്നോട്ടു പോയി. റമീസ് എല്ലാ രോഗികളെയും വീൽചെയറിൽ പതിയെ മാത്രമേ തള്ളി നടക്കാറുള്ളൂ. മെല്ലെയാണെങ്കിൽ ഗുണം പലതാണ്. രോഗികളെ എങ്ങനെ കൊണ്ടു പോകുന്നുവെന്ന് ബന്ധുക്കൾ ശ്രദ്ധിക്കുന്നുണ്ടാവും. ആരെങ്കിലും പരാതി പറഞ്ഞാൽ സ്റ്റാഫ് മീറ്റിങ്ങിൽ വച്ച് പരസ്യമായി ഹോസ്പിറ്റൽ എം.ഡി. ശകാരവർഷം നടത്തും. അതൊഴിവാക്കാമല്ലോ.

അയാൾ എല്ലാ രോഗികളോടും പൊതുവായി പറയുന്ന ചില സുഖിപ്പിക്കൽ സൂത്രങ്ങളുണ്ട് -
"ദൈവം സഹായിക്കും..."
"ഒരു കുഴപ്പവും വരില്ല..."
"ഞാൻ പ്രത്യേകമായി പ്രാർത്ഥിക്കാം..."
ഇതൊക്കെ സർജറിക്കു പോകുന്ന രോഗികൾക്ക് ആത്മബലം കൊടുക്കുമെന്ന് ഉറപ്പ്. ചിലർ അമ്പതോ നൂറോ പോക്കറ്റിലിട്ടു തരും, വാസ്തവത്തിൽ അയാൾ കൈ കൊണ്ട് മേടിക്കില്ല. 'ശ്ശൊ വേണ്ടായിരുന്നു' എന്നൊക്കെ പറഞ്ഞ് അല്പം വളഞ്ഞു നിൽക്കും, ഷർട്ടിന്റെ പോക്കറ്റ് വായ തുറന്നുനിൽക്കാൻ. ഹോസ്പിറ്റലിൽ മുക്കിലും മൂലയിലും CCTV ക്യാമറ വച്ചതുകൊണ്ട് കൈക്കൂലിക്ക് വിസമ്മതം പറയുന്നതും കൈ കൊണ്ട് മേടിച്ചില്ലെന്നും പറഞ്ഞ് തടിതപ്പാം.

പക്ഷേ, ഒരിക്കൽ റമീസിന് അമളി പിണഞ്ഞു. ദൈവവചനം വിശിയത് നിരീശ്വരവാദികളുടെ നേതാവായി വിലസിയിരുന്ന ഒരുവന്റെ മുഖത്തേക്ക്! ആ മനുഷ്യനാകട്ടെ, ആശുപത്രിമുറിയിലെ ദൈവരൂപവും മതഗ്രന്ഥവും എടുത്തുമാറ്റിച്ചിട്ടുള്ള വരവായിരുന്നുപോലും! പോക്കറ്റിൽ പണത്തിനു പകരം ശകാരവാക്കുകൾ വന്നുവീണു. എങ്കിലും അത്തരം ന്യൂനപക്ഷത്തെ പേടിച്ച് നയം മാറ്റാനൊന്നും റമീസ് മെനക്കെട്ടില്ല.

രോഗിയുമായി സ്കാനിങ് റൂമിലേക്ക് കയറ്റിയശേഷം വീൽചെയർ വരാന്തയിൽ പാർക്ക് ചെയ്തു. റമീസ് അവിടെയൊരു സ്റ്റീൽകസേരയിൽ കാൽ കയറ്റിവച്ച് ഇരിപ്പായി. കയ്യിലെ കൂർത്ത നഖം വച്ച് നേർത്ത ശബ്ദത്തിൽ അതിൽ താളമടിച്ചുകൊണ്ടിരുന്നതിനൊപ്പം പലവിധ ചിന്തകളിലേക്ക് ഊളിയിട്ടു -
ആ കൊച്ചിന് സർജറി ഓ.പി.യിൽ.... ഇനിയും പത്താം ക്ലാസ് വരെ ആയിട്ടില്ല. എട്ടിലോ ഒൻപതിലോ ആയിരിക്കണം. ഈശ്വരാ... ഇത്ര ചെറുപ്പത്തിലേ എന്താവും? രോഗം വരാനായിട്ട് ഇപ്പോൾ പ്രായം നോട്ടമൊന്നുമില്ലാതായിരിക്കുന്നു. ങാ, അത് എന്തെങ്കിലുമാകട്ടെ, കൂടുതലായി നാട്ടുകാരുടെ കാര്യങ്ങൾ അന്വേഷിക്കാത്തതാവും ഉചിതം.

സാധാരണയായി നാട്ടുകാർ എപ്പോഴും വലിയ ശല്യക്കാരാണ്. വീട്ടിലിരുന്ന് ചീട്ടെടുക്കാൻ വിളിച്ചുപറയും. അതുമാത്രമോ? എനിക്കിവിടെ

ആറുകൂട്ടം പണി കിടക്കുന്നിടത്ത് അവരുടെ കയ്യിൽ
പിടിച്ച് ഫയലും പേറി മരുന്നും വാങ്ങി
വെള്ളക്കച്ചിരിയും സമ്മാനിച്ച് യാത്രയാക്കണം.
അല്ലെങ്കിലോ?
"അറ്റൻഡർറമീസിന് എന്താ ഒരു ജാട!
ഡോക്ടറാന്നാ അവന്റെ വിചാരം"
നാട്ടുകാരൻ പറഞ്ഞത് ഇപ്പോഴും എന്റെ
ചെവിയിൽ മുഴങ്ങുന്നുണ്ട്.

സഹായിക്കാമെന്നുവച്ചാൽ, സർജറി വാർഡിന്റെ
ചുറ്റുവട്ടത്ത് എന്നെ കണ്ടില്ലെങ്കിൽ
അരുണിയമ്മസിസ്റ്ററിന്റെ ചീത്ത മുഴുവൻ ഞാൻ
കേൾക്കണം.
നാട്ടുകാർക്ക് എന്തെങ്കിലും പറയാൻ പ്രത്യേകിച്ച്
കാരണമൊന്നും വേണ്ടല്ലോ.
മുഖമുയർത്തി നടക്കുന്നവനെ 'മേലോട്ടു നോക്കി,
'മാനത്തുകണ്ണി' എന്നൊക്കെ വിളിച്ചുകളയും. ഇനി
മുഖം അല്പം താഴേക്കു പിടിച്ചു നടന്നാലോ? 'കീഴോട്ടു
നോക്കി, 'ഉറക്കം തൂങ്ങി' എന്നാവും വിളിക്കുക.
പക്ഷേ, എല്ലാപേർക്കും മുഖത്തെ കൃത്യമായി
പിടിക്കാൻ ഒക്കില്ലല്ലോ.

ആശുപത്രിക്കാര് എന്റെ ജോലി അറ്റൻഡർ ആയി
സ്ഥിരപ്പെടുത്തിയെങ്കിലും നാട്ടുകാരുടെ വക
സ്ഥിരീകരണത്തിനു പിന്നെയും താമസം
വേണ്ടിവന്നു. അതും, നാട്ടിലെ ചില
എഷണിപ്രമാണികൾ നേരിട്ടുവന്ന്
എന്നോക്കണ്ടപ്പോളായിരുന്നു വിശ്വസിച്ചത്.
അതെങ്ങനെ ഇല്ലാണ്ടിരിക്കും?
ചെറിയ ജോലിയൊന്നും ആർക്കും വേണ്ടല്ലോ.
കേരളത്തിലെ 'എൻട്രൻസ് രോഗം' വല്ലാതങ്ങു
വളർന്നിരിക്കുന്നു. ലോകത്ത് ഏറ്റവും കൂടുതൽ
'ഡോക്ടർ ഭ്രാന്ത്'' ഉള്ളത് കേരളത്തിലാണെന്ന്
ഏത് മഹാനാണ് പറഞ്ഞത്?

ഓ... അത് മറ്റാരുമല്ല,
അന്നാമ്മസിസ്റ്റർമഹതിതന്നെ–
"ജനങ്ങളെ സേവിക്കാനുള്ള സൂക്കേട്
കൊണ്ടൊന്നുമല്ലന്നേ, ചുമ്മാ മൊട അല്ലാതെ
പിന്നെ....I.Q 120 എങ്കിലും ഇല്ലാത്തവർ ഈ
പണിക്ക് കാശു കൊടുത്ത് സീറ്റും വാങ്ങി വന്നോളും
വെറുതെ മനുഷ്യരെ ബുദ്ധിമുട്ടിക്കാനായിട്ട്...
സർജന്റെ കീഴിൽ കുറച്ചുകാലം ജോലി ചെയ്യുവൻ
MBBS ഒരു കോടി രൂപ മുടക്കി
പഠിച്ചിറങ്ങിയതായിരുന്നു. പക്ഷേ, ഒരു രൂപയുടെ
കഴിവും വിവരവും തൊട്ടുതീണ്ടാത്തവൻ! ഒന്നുരണ്ടു
മാസം കഴിഞ്ഞപ്പോൾ അവനെ പറഞ്ഞുവിടുകയും
ചെയ്തില്ലേ?"

ഈ വക വങ്കത്തരത്തിനൊന്നും എന്നെ കിട്ടില്ല.

പത്താംക്ളാസ്സിലെ പഠനം ഞാനിപ്പോഴും
ഇന്നലെയെന്നപോലെ ഓർക്കുന്നുണ്ട്–
വെളുപ്പിന്, നാലുമണിനേരത്ത് പഴയ
വെറ്റിലച്ചെല്ലവുമായി മുറുക്കാനായി
അമ്മയെണീറ്റ് ചായിപ്പിലേക്ക്
ഇറങ്ങിയിരിക്കുമ്പോൾ, തെക്കേവീട്ടിലെ മുറിയിൽ
വെളിച്ചം കണ്ട് എന്നെ പ്രാകാൻ തുടങ്ങും!
എന്താ, കാര്യം?
അവിടെ എന്റെ ക്ലാസ്സിൽ പഠിക്കുന്ന അഞ്ജലി
എന്ന 'പഠിപ്പിസ്റ്റ്'' രാവിലെ പഠിക്കുന്ന പണി
തുടങ്ങിയിട്ടുണ്ടാകും. എന്നുവച്ചാൽ, എനിക്കിട്ടുള്ള
പണി. ഞാൻ ചായ കുടിക്കുമ്പോൾ അതിന്റെ
കലിപ്പു തീരുംവരെ തള്ള അതുതന്നെ
എഴുന്നെള്ളിക്കും.

എസ്.എസ്.എൽ.സി പരീക്ഷ വന്ന ചൂടുള്ള
മാർച്ച്മാസത്തിൽ എല്ലാവരും വിയർത്തിരുന്ന്
പഠിച്ചപ്പോൾ ഞാൻ എന്തെടുത്തു? പൊരിഞ്ഞ
ക്രിക്കറ്റുകളി. അങ്ങ് ദൂരെ ഓസ്ട്രേലിയൻ
ഭൂഖണ്ഡത്തിലെ തണുപ്പിൽ അവർ ക്രിക്കറ്റ്
കളിച്ചത് ടി.വിയിൽ കണ്ട് ആവേശം പൂണ്ട്
ഞാനും കൂട്ടുകാരും കളിയോടു കളിതന്നെ.
ഓസ്ട്രേലിയൻ ടീമിന്റെ തകർപ്പൻ ഓപ്പണിങ്
കുടവയറൻ ഡേവിഡ് ബൂൺ– ജെഫ് മാർഷും!

പിന്നെ ഗ്രെഗ് മാത്യൂസിന്റെ ചാടിത്തുള്ളിയുള്ള
ബൗളിങ്ങ്!
ഉണക്ക മരത്തിനു കാറ്റു പിടിച്ചപോലെ ബ്രൂസ്
റീഡിന്റെ ഏറ്!
കപിൽദേവിന്റെ ഏറിനോട് സാമ്യമുണ്ടായിരുന്ന
ക്രെയിഗ് മക്ഡർമോട്ട്!
അലൻ ബോർഡറിന്റെയും സ്റ്റീവ് വോയുടെയും
കിടിലൻ ബാറ്റിങ്ങ്!
കിവീസിന്റെ സഹോദരങ്ങൾ മാർട്ടിൻക്രോയും
ജെഫ്ക്രോയും ബാറ്റുകൊണ്ട് പന്തുകളെ ക്രോ...
ക്രോ... എന്നു കരയിച്ച് വേലിക്കപ്പുറത്തേക്ക്
പായിച്ചപ്പോൾ ക്രാ...ക്രാ...ശബ്ദമുണ്ടാക്കി
കിവിപക്ഷികൾ കൂട്ടത്തോടെ പറന്നുപോയി.
ഇതൊക്കെ കണ്ടില്ലെന്ന് നടിക്കുന്നതും
ശരിയല്ലെന്ന് എനിക്കുതോന്നി.

അങ്ങനെ ആസക്തികളെ ശക്തികളായി
തെറ്റിദ്ധരിച്ച കാലമായിരുന്നു അതെങ്കിലും
സത്യത്തിലാരും SSLC യുടെ പ്രഹര ശേഷിയെ
തിരിച്ചറിഞ്ഞില്ല!
ഭാവിയുടെ ചൂണ്ടുപലകയെന്നാണ് പത്താംക്ലാസ്
പരീക്ഷയുടെ മറ്റൊരു പേരെന്ന് എപ്പോഴും
ഞങ്ങളെ ഓർമിപ്പിച്ചിരുന്ന ഗിരീഷ്സാറിനെയും
ഞങ്ങൾ അവഗണിച്ചു. എന്നിട്ടോ? റിസൾട്ട്
വന്നപ്പോൾ ഞാനും രണ്ടു കൂട്ടുകാരും

എട്ടുനിലയിൽ പൊട്ടി.

അതിലും സഹിക്കാൻ പറ്റാത്ത മറ്റൊരു കാര്യം എന്താണെന്നു വച്ചാൽ, അഞ്ജലി ഡിസ്റ്റിങ്ഷൻ മേടിച്ച് നാട്ടിലെങ്ങും വിലസിയത്, സഹിക്കാനോ പൊറുക്കാനോ പറ്റുന്ന കാര്യമായിരുന്നില്ല.
വീട്ടിലെ താരതമ്യപഠനമായിരുന്നു അസഹനീയം!
ജയിക്കാൻ വെറും 210 മാർക്ക് മതിയെന്നിരിക്കെ, അവൾക്ക് 547 മാർക്ക് മേടിക്കേണ്ട എന്തെങ്കിലും ആവശ്യമുണ്ടായിരുന്നോ?
അവളെ അത്യാഗ്രഹിയെന്നും ധിക്കാരിയെന്നും ഞങ്ങൾ കൂട്ടുകാർ അടക്കം പറഞ്ഞ് പരസ്പരം ആശ്വസിപ്പിച്ചു. ഞാൻ പിന്നെ, തോറ്റെഴുത്തിനിരിക്കാൻ ശ്രമിച്ചതുമില്ലല്ലോ. 'സപ്ലി'ക്കിരുന്നാലും ഞാൻ കപ്പംപോലെ ദുർബലനായിരിക്കുമെന്ന് ഉറപ്പ്.

എന്റെ തലേവര ഹെയർഡൈ തേച്ചതുകൊണ്ടോ, ഷാംപൂ പതപ്പിച്ചാലോ മാറുന്നതായിരുന്നില്ല.
എത്രയെത്ര കടകളിൽ ഞാൻ പണിയെടുത്തിരിക്കുന്നു. മാസത്തിലെ ആദ്യ ആഴ്ച അവന്മാരുടെ മുഖം കടന്നൽ കുത്തിയപോലെ. ശമ്പളം തരാൻ മടിയാണുപോലും.
എന്തായാലും ഇവിടെ ശമ്പളം ചോദിച്ചുകൊണ്ട് മുതലാളിയുടെ പിറകേ നടക്കേണ്ട – ബാങ്ക് അക്കൗണ്ടിലേക്ക് രണ്ടാം തിയതി പണം കയറിക്കൊള്ളും. ഹോ! അത്രയും ആശ്വാസമുണ്ട്.

അതിനിടയിൽ, കുമാരന്റെ ആന്തരികചിത്രം എടുത്ത ശേഷം, അകത്തുനിന്നു വിളിവന്നു–
"റമീസ്ച്ചേട്ടാ... സ്കാനിങ് കഴിഞ്ഞു. വീൽചെയർ അകത്തേക്ക് കയറ്റിക്കോ ..."
പിന്നീട്, രോഗിയെ റൂമിൽ തിരിച്ചുകൊണ്ടാക്കിയിട്ട് മടങ്ങിവരുമ്പോഴുണ്ട് സർജിക്കൽവാർഡിനു മുന്നിലെ ഒഴിഞ്ഞ കസേരയുണ്ടായിട്ടും ഷിബുചേട്ടന്റെ മോൾ തോക്കുപോലെ നിൽക്കയാണ്.
ങാ, നിൽക്കണമെങ്കിൽ നിൽക്കട്ടെ...
ഇവിടാർക്കു ചേതം?

പലതരം രോഗികളും ബന്ധുക്കളും ആശുപത്രിയിലൂടെ പകച്ചു നടക്കുന്നതിനിടയിലൂടെ സമയം ആർക്കും പിടികൊടുക്കാതെ തെന്നിനീങ്ങി. ഉച്ചയായപ്പോൾ കന്റീനിലെ കഴിപ്പും കഴിഞ്ഞ് അയാൾ സിഗരറ്റിന്റെ പുകയൂതാൻ താഴത്തെ മാടക്കടയിലേക്ക് നടന്നു. തിരികെ വന്നപ്പോൾ ആ പെൺകുട്ടിയെ അവിടെങ്ങും കണ്ടില്ല.
കാര്യമായ മാറ്റങ്ങളൊന്നുമില്ലാതെ അന്നത്തെ ഡ്യൂട്ടിയും കഴിയാറായിരിക്കുന്നു.

ആശുപത്രിയുടെ മെയിൻഹാളിൽ വച്ചിരിക്കുന്ന ടി.വി.യിലേക്ക് നോക്കി നിൽക്കുമ്പോൾ ഒരു ബിൽ വച്ചുനീട്ടിയിട്ട് സുനിതയമ്മസിസ്റ്റർ പറഞ്ഞു:
"റമീസേ, ഈ ബില്ലും ക്യാഷും പിടിച്ചോ. ഇതൊന്ന് അടച്ചേക്ക്"
കൗണ്ടറിൽ പണമടയ്ക്കുന്നതിനിടയിൽ അയാൾ, പേരിലും തുകയിലും ഒന്നു കണ്ണോടിച്ചു–
'സുജിത പി. ഷിബു – 14 yrs'
ആ കുട്ടി ഇപ്പോഴും പോയില്ലേ?
അയാൾ ആറുരൂപ ബാലൻസും രസീതും സുനിതയമ്മസിസ്റ്ററിനെ ഏല്പിച്ചപ്പോൾ അവളെക്കുറിച്ച് തിരക്കി. കുട്ടിയുടെ തുടയിലൊരു പരു പഴുത്ത് വല്ലാതായത് ഡോക്ടർ കീറിയെന്ന് വിവരം കിട്ടി. പാവം, അതിന് ബെഡ്ഡിൽ ഒന്ന് ഇരിക്കാനോ കിടക്കാനോ പോലും പറ്റുന്നില്ലത്രേ. കുറച്ചു ലാബ് ടെസ്റ്റുകളുടെ ഫലം കിട്ടിയിട്ട് വൈകുന്നേരം പോകാമെന്ന് ഹോസ്പിറ്റൽ അധികൃതർ അറിയിച്ചു.

അഞ്ചുമണി മുതൽക്കേ, ജോലിക്കാർ വീട്ടിലേക്ക് ഓടാനുള്ള കൗണ്ട്ഡൗൺ ആരംഭിച്ചുകഴിഞ്ഞിരുന്നു. അഞ്ചരയുടെ ഡ്യൂട്ടി കഴിയുന്നവരെ കൂടെ കൂട്ടാനായി ബസ് പത്തുമിനിറ്റോളം ആശുപത്രിപ്പടിയിൽ കാത്തുകിടക്കും. അഞ്ചേകാലോടെ സുജിതയെ ആശുപത്രി മോചിപ്പിച്ചു.
അവൾ പതിയെ ബസ്സ്റ്റോപ്പിലേക്ക് നടന്നു.
അല്പം കഴിഞ്ഞ്, തിരിച്ചുപോക്കിന്റെ തെളിവായ പഞ്ചിങ്ങും തീർത്ത് റമീസ് ബസിൽ കയറിയപാടേ ചക്രങ്ങൾ ഉരുണ്ടുതുടങ്ങി.

കോട്ടയംടൗണിലേക്ക് ചില കുഗ്രാമങ്ങൾ വഴി അലഞ്ഞുതിരിഞ്ഞ് പോകുന്ന പ്രൈവറ്റ്ബസ് ആയതുകൊണ്ട് സീറ്റു നിറയാനുള്ള ആളുകളെ അതിനു കിട്ടിയില്ല. എങ്കിലും, ഒരു വിരോധാഭാസമെന്നപോലെ സുജിത മാത്രം സൈഡു സീറ്റിന്റെ കമ്പിയിൽ മുറുക്കിപ്പിടിച്ച് നിൽക്കാൻ തുടങ്ങി. ബസിലെ കണ്ടക്ടർ അവളോട് ഇരിക്കാൻ പറഞ്ഞെങ്കിലും കേൾക്കാത്ത മട്ടിൽ നിന്നു.

നാട്ടിലെ സർക്കാർവക സ്കൂളിൽനിന്നും വിരമിച്ച അഷ്റഫ്മാഷ് അടുത്തിരിക്കുന്ന ആളിനോട് എന്തൊക്കയോ വർത്തമാനം പറഞ്ഞിരിക്കുന്നതിനിടയ്ക്ക് ഇത് ശ്രദ്ധിച്ചു:
"കുട്ടീ... നീയെന്തിനാ നിൽക്കുന്നത്... അവിടെങ്ങാനും ഇരിക്കരുതോ?"
മാഷ് ഉച്ചത്തിൽ പറഞ്ഞിട്ടും അവൾ അതും കേൾക്കുന്നില്ല!

അതോടെ രംഗം ചൂടുപിടിച്ചു തുടങ്ങി.

"അഷ്റഫ്മാഷ് പറഞ്ഞിട്ടും
അനുസരിക്കില്ലെന്നുവച്ചാൽ?"
ആരോ പിന്തുണച്ച് പിടിച്ചുകയറി മറ്റുള്ളവരെ
പ്രശ്നത്തിലേക്ക് വലിച്ചടുപ്പിച്ചു.
"അല്ലാ.... ഇപ്പോഴത്തെ പിള്ളാർക്ക്
ആരെയെങ്കിലും അനുസരണയൊണ്ടോ?"
ഇതിനിടയിൽ, റമീസ് എന്തോ ഒന്ന്
പറഞ്ഞെങ്കിലും മറ്റൊരുവന്റെ ശബ്ദം അതിനെ
മുക്കി.
ഷിബുവിന്റെ മോളാണെന്ന് മനസ്സിലാക്കിയ
ഒരുവൻ പറഞ്ഞു:
"ഏയ്, ഷിബു എന്തു നല്ല മനുഷ്യനാ.. പണി ചെയ്ത
കൂലി എത്രയാന്ന് ചോദിച്ചാൽപോലും മിണ്ടൂലാ.."
ക്രമേണ ആ നിസ്സാര കാര്യം ബസ്സിന്റെ
ഡീസൽപോലെ കത്തിപ്പിടിച്ചു. ഇടയ്ക്ക് ഏതോ
ഒരുവന് അവളുടെ കറുത്ത തൊലിനിറം കണ്ടിട്ട്
മനസ്സിൽ ഇരുട്ടുകയറി–
"അഹങ്കാരം വെറുതെയൊന്നുമല്ല.
ഇവൾക്കൊക്കെ ജോലി കിട്ടാൻ എളുപ്പമല്ലേ...
നേരിട്ടുള്ള നിയമനം. കുറച്ചുവർഷം കഴിയുമ്പോൾ
തലപ്പത്തുള്ള ഓഫീസറായി ചുവന്ന ബോർഡ്
വച്ച കാറിൽ പോകുന്നതു കാണാം..."
അയാൾ പരിഹാസച്ചിരിയോടെ തട്ടിവിട്ടു.
ഇതെല്ലാം കണ്ടുകേട്ട് രമേശിന് കലിച്ചുവന്നു–
"ആരാന്റെ കാലില് പരു കീറിയതിന്
ആർക്കാടാ ഇത്ര കത്തിക്കഴപ്പ്?"
ആ ഗർജ്ജനം ബസിനുള്ളിൽ തട്ടിത്തെറിച്ച്
അതിവേഗം പുറത്തുപോയി ചക്രങ്ങളുടെ വേഗം
കുറച്ചു. യാത്രക്കാർ നിശബ്ദരായി. അപ്പോഴേക്കും,
തോൽവി സമ്മതിച്ച ആ പെൺകുട്ടി വേദന
സഹിച്ച് സീറ്റിൽ ചുരുണ്ടുകൂടിയിരിക്കാൻ വല്ലാതെ
പണിപ്പെട്ടു. മറുപടിയെന്നോണം,
കണ്ണീർകണങ്ങൾ കവിളിലൂടെ
ഒലിച്ചിറങ്ങുന്നുണ്ടായിരുന്നു.
സ്വന്തം കണ്ണുകളെ പോലും വിശ്വസിക്കാൻ
പറ്റാത്ത കാലമാണിത്. പെട്ടെന്നുള്ള
പ്രതികരണം പലപ്പോഴും അബദ്ധമായി
ഭവിക്കാം. ഭൂരിഭാഗം ആളുകളും ഒരു സംഭവത്തെ
'തെറ്റ്' അല്ലെങ്കിൽ 'ശരി' എന്ന്
പറഞ്ഞെന്നുവച്ച് യാഥാർത്ഥ്യം
അതാവണമെന്നില്ല. പലതിന്റെയും
കാരണങ്ങൾ എളുപ്പം പിടിതരണമെന്നുമില്ല.
അതിനാൽ, ആവശ്യമില്ലാത്തിടത്ത് ഏറ്റുപിടിച്ച്
സംഗതികൾ ഊതിപ്പെരുപ്പിക്കരുത്;
വിധികർത്താക്കളാകാൻ പോകരുത്.

മുഹമ്മദ് ഷമീം . കെ . ടി
10 A

## അറിവ്

മരു പച്ചയിലെ പാലിനേക്കാൾ
ഇരട്ടി മധുരമാണ്.
രുചി കൊട്ടാരത്തിലല്ല
അങ്ങ മരുഭൂമിയിലാണ്.
സഞ്ചാരങ്ങൾ താണ്ടി താണ്ടി
പീഡ ഭൂമിയുടെ താപത്തിന്
ക്ഷമ കൽപ്പിച്ച്
മര്യാദയുടെ തട്ടത്തിൽ നിലയുറപ്പിച്ച്
വെയിലിനെ ക്ഷണച്ചു ക്ഷണച്ചു
പാറയിൽ കൊത്തി വെച്ച്
കൊത്തിയതിനെ പ്രകാശിപ്പിച്ച്
വിളക്കായിട്ടും ദീപമായിട്ടും
യാത്ര ആസ്വാദകരിൽ
പകർത്തി വിൽക്കണം.

നസ്വീഹ് അബ്ദുറഹീം
9D